# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.04.2005**

### പ്രധാനവാർത്തകൾ

1. വഖ്ഫ് (ഭേദഗതി) ബിൽ- 2025 നാളെ ലോക്സഭയിൽ ചർച്ചയ്ക്കെടുക്കും. രാഷ്ട്രീയത്തിനതീതമായി എല്ലാ എംപി മാരും ബില്ലിന് അനുകൂലമായി വോട്ട് ചെയ്യണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

2. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രിയുമായി ചർച്ച ചെയ്ത് മന്ത്രി വീണാ ജോർജ്ജ്. ആശമാരുടെ ഇൻസെൻറീവ് വർധന പരിഗണിക്കുമെന്ന് ഉറപ്പ് ലഭിച്ചതായി മന്ത്രി.

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ കഴിഞ്ഞ മാസം എത്തിച്ചേർന്നത് 53 ചരക്ക് കപ്പലുകളെന്ന് മന്ത്രി വി എൻ വാസവൻ.

4. എം.ബി.എ ഉത്തരക്കടലാസ് നഷ്ടപ്പെട്ട സംഭവത്തിൽ അടിയന്തര അന്വേഷണം നടത്തുമെന്ന് കേരള സർവകലാശാല. പരീക്ഷ വീണ്ടും നടത്തുമെന്നും സർവ്വകലാശാല.

5. മേട മാസ, വിഷു പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു.

PIU TVPM

6. ഐ എസ് എൽ ഫുട്ബോൾ ആദ്യ സെമിയിൽ നാളെ ഗോവ- ബംഗളുരു പോരാട്ടം.

*******************

<u>പാർലമെൻറ്</u>

പാർലമെൻറിൽ വിവിധ വിഷയങ്ങളിൽ ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. കോസ്റ്റൽ ഷിപ്പിങ് ബിൽ 2024 ലോക്സഭ ചർച്ച ചെയ്യു. The Protection of Interests in Aircraft Objects Bill, 2025 രാജ്യസഭ പാസാക്കി.

അതേസമയം വഖ്ഫ് (ഭേദഗതി) ബിൽ- 2025 നാളെ ലോക്സഭയിൽ ചർച്ചയ്ക്കെടുക്കും. ബില്ലിനെക്കുറിച്ച് സഭയിൽ എട്ട് മണിക്കൂർ ചർച്ച നടത്താൻ തീരുമാനിച്ചതായി കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു.

*******************

<u>ജോർജ്ജ് കുര്യൻ</u>

രാഷ്ട്രീയത്തിനതീതമായി എല്ലാ എംപി മാരും വഖഫ് ഭേദഗതി ബില്ലിന് അനുകൂലമായി വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. വഖഫ് ഭേദഗതി ബിൽ നിലവിൽ വരുന്നതാണ് മുനമ്പം വിഷയം പരിഹരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

*******************

<u>ചിലി -പ്രസിഡൻറ്</u>

ദുരന്ത നിവാരണം, സാംസ്കാരിക മേഖല എന്നിവയിൽ സഹകരണത്തിനുള്ള കരാറുകൾ ഇന്ത്യയും ചിലിയും തമ്മിൽ കൈമാറി. അൻ്റാർട്ടിക്ക സഹകരണത്തിനായുള്ള ലെറ്റർ ഓഫ് ഇൻറൻറും ഇരുപക്ഷവും കൈമാറി. അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ചിലി പ്രസിഡൻറ് ഗബ്രിയേൽ ബോറിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും വിദേശകാര്യമന്ത്രി

RNU TVPM

എസ് ജയശങ്കറുമായും ഇന്ന് കൂടിക്കാഴ്ച നടത്തി. വ്യാപാര-വ്യവസായ പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരുമായും ചിലി പ്രസിഡൻറ് കൂടിക്കാഴ്ച നടത്തും.

*******************

## വീണാ ജോർജ്( ഇൻട്രോ )

ആശാ പ്രവർത്തകരുടെ ഇൻസെൻറീവ് വർധിപ്പിക്കുന്നത് പരിഗണിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ ഉറപ്പുനൽകിയതായി മന്ത്രി വീണാ ജോർജ്. ആശമാർക്ക് ലഭിക്കാനുള്ള കുടിശ്ശികയുടെ കാര്യം പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായും മന്ത്രി പറഞ്ഞു. ന്യൂ ഡൽഹിയിൽ കേന്ദ്ര ആരോഗ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച്ചക്കു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി .

(ഹോൾഡ് വോയിസ് ......)

നാല് വിഷയങ്ങളാണ് കേന്ദ്രത്തിന് മുന്നിൽ അവതരിപ്പിച്ചതെന്നും ചർച്ച ക്രിയാത്മകമായിരുന്നുവെന്നും ശ്രീമതി വീണാ ജോർജ് പറഞ്ഞു .

RNU TVPM

*******************

## വിഴിഞ്ഞം - വാസവൻ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ മാർച്ച് മാസത്തിൽ എത്തിച്ചേർന്നത് 53 ചരക്ക് കപ്പലുകളെന്ന് മന്ത്രി വി എൻ വാസവൻ. 1,12,562 T.E.U ആണ് തുറമുഖത്ത് കൈകാര്യം ചെയ്യതെന്നും മന്ത്രി വാർത്താ കുറിപ്പിൽ അറിയിച്ചു. ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതു മുതൽ മാർച്ച് വരെ 240 കപ്പലുകളാണ് എത്തിച്ചേർന്നത്. 4,92,188 T.E.U ആണ് കൈകാര്യം ചെയ്യതെന്നും അദ്ദേഹം പറഞ്ഞു.

*******************

## കേരള യൂണിവേഴ്സിറ്റി-ഇൻട്രോ

എം.ബി.എ ഉത്തരക്കടലാസ് നഷ്ടപ്പെട്ട സംഭവത്തിൽ കേരള സർവകലാശാല അടിയന്തര അന്വേഷണം നടത്തും.

വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ വിളിച്ചുചേർത്ത പ്രത്യേക യോഗത്തിലാണ് തീരുമാനം.
കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്നും പരീക്ഷ വീണ്ടും നടത്തുമെന്നും സർവ്വകലാശാല അറിയിച്ചു.
**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.**
**(ഹോൾഡ് വോയ്സ്......)**

*******************

## പോഷ് നിയമം അവബോധം

തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം തടയുന്നത് ലക്ഷ്യമിട്ടുള്ള പോഷ് നിയമത്തെ കുറിച്ച് അവബോധം ശക്തമാക്കാൻ വനിത ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് മറ്റന്നാൾ നിർവഹിക്കും. തിരുവനന്തപുരത്തു സംഘടിപ്പിക്കുന്ന പരിപാടിയുടെ ആദ്യഘട്ടമായി സിനിമാ മേഖലയിൽ നിന്നുള്ള 60 പേർക്ക് പരിശീലനം നൽകും. സിനിമാ രംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കും.

RNU TVPM

*******************

## ഓപ്പറേഷൻ ഡി ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 90 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു.105 പേരെ അറസ്റ്റ് ചെയ്തു. 2,384 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. മാരക മയക്കുമരുന്നുകളും പിടിച്ചെടുത്തു.

*******************

## കെ.എസ്.ഇ.ബി

വൈദ്യുതി പോസ്റ്റുകളിൽസ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, പോസ്റ്ററുകൾ എന്നിവ അടിയന്തിരമായി നീക്കം ചെയ്യണമെന്ന് കെ.എസ്.ഇ.ബി. ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന

യോഗത്തിലാണ് തീരുമാനം. ഈ മാസം 15-ന് മുമ്പായി ബോർഡുകൾ സ്ഥാപിച്ചവർ തന്നെ നീക്കം ചെയ്യണമെന്നും അല്ലാത്തപക്ഷം പിഴ ഈടാക്കുമെന്നും കെ.എസ്.ഇ.ബി അറിയിച്ചു.

*******************

## ലഹരി വസ്തു കണ്ടെത്തി

തിരുവനന്തപുരം യൂണിവേഴ്സിറ്റി ബോയ്സ് ഹോസ്റ്റലിൽ നിന്നും 20 ഗ്രാം ലഹരി വസ്തു പിടികൂടി. ആളില്ലാത്ത മുറിയിൽ നിന്നാണ് എക്സൈസ് സംഘം ലഹരി വസ്തു കണ്ടെത്തിയത്. ഹോസ്റ്റലിലെ 20 ഓളം മുറികളിലാണ് പരിശോധന നടത്തിയത്.

*******************

## പൈങ്കുനി -ശബരിമല(ഇൻട്രോ)

പൈങ്കുനി ഉത്രം ഉത്സവം - മേട മാസ, വിഷു പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു. 18 ദിവസം തുടർച്ചയായി ദർശനം നടത്താം. നാളെ രാവിലെ സന്നിധാനത്ത് കൊടിയേറ്റു നടക്കും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**
**(വോയ്സ്)**

*******************

## പൈങ്കുനി ഉത്സവം

തിരുവനന്തപുരം ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് നാളെ കൊടിയേറും. രാവിലെ 8.45ന് കൊടിയേറ്റിൻറെ ചടങ്ങുകൾ ആരംഭിക്കും. ഈ മാസം 10ന് രാത്രി പള്ളിവേട്ടയും 11ന് ആറാട്ടും നടക്കും. ചിത്രാപൗർണ്ണമിദിവസമായ 12ന് ആറാട്ട് കലശത്തോടെ ഉത്സവം സമാപിക്കും.

*******************

PNU TVPM

## ജലവിതരണം മുടങ്ങും

തിരുവനന്തപുരം നഗരത്തിലെ പല പ്രദേശങ്ങളിലും നാളെ രാവിലെ 8 മുതൽ വെള്ളിയാഴ്ച രാവിലെ 8 വരെ കുടിവെള്ള വിതരണം മുടങ്ങും. അറ്റകുറ്റപണികൾക്കായി, അരുവിക്കരയിലെ 74 എം എൽ ഡി ജല ശുദ്ധീകരണശാലയുടെ പ്രവർത്തനം നിർത്തിവക്കുന്നതിനാലാണിത്. നഗരത്തിലെ 35 ഓളം വാർഡുകളിലും പള്ളിച്ചൽ, കല്ലിയൂർ പഞ്ചായത്തുകളിലും പൂർണ്ണമായും ചിലയിടങ്ങളിൽ ഭാഗികമായും കുടിവെള്ള വിതരണം തടസ്സപ്പെടുമെന്ന് ജല അതോറിറ്റി അറിയിച്ചു.

*******************

## ഐഎസ്എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. നാളെ ഗോവ - ബംഗളുരുവിനെയും മറ്റന്നാൾ മോഹൻ ബഗാൻ - ജംഷഡ്പുരിനെയും നേരിടും. ഈ മാസം 12 നാണ് ഫൈനൽ.

*******************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. ലഖ്നൗവിലെ ഏകാന സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*******************

## കാലാവസ്ഥ

സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിൽ വരും മണിക്കൂറിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ശക്തമായ കാറ്റിനും സാധ്യത. എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

*******************

RNU TVPM

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,390 പോയിൻറ് താഴ്ന്ന് 76,024ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 353 പോയിൻറ് താഴ്ന്ന് 23,165 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണ വില ഉയർന്നു. പവന് 680 രൂപ ഉയർന്ന് 68,080 രൂപയും ഗ്രാമിന് 85 രൂപ ഉയർന്ന് 8,510 രൂപയുമാണ് ഇന്നത്തെ വില.

*******************

## സംരംഭക വർഷം -മന്ത്രി പി രാജീവ്

കേരളത്തിൽ വ്യവസായ ആവാസവ്യവസ്ഥയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതു ലക്ഷ്യമിട്ട് ആരംഭിച്ച ' സംരംഭക വർഷം ' പദ്ധതി സംസ്ഥാനത്തിൻറെ സംരംഭക സാധ്യതകൾ തുറന്നുകാട്ടിയതായി മന്ത്രി പി രാജീവ്. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഏകദേശം 3.5 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു.

RNU TVPM

*******************

## കോഴിക്കോട്-കാണാതായി

കോഴിക്കോട് വളയത്ത് നിന്നും വെള്ളിയാഴ്ച മുതൽ കാണാതായ വളയം ചെറു മോത്ത് സ്വദേശിനിയെയും കുഞ്ഞുങ്ങളേയും കണ്ടെത്താൻ അന്വേഷണം ഊർജിതമാക്കി പോലീസ്. ഡൽഹിയിലും ഇവർക്കായി തെരച്ചിൽ നടത്തുന്നുണ്ട്.

*******************

## ISRO വലിയമല

തിരുവന്തപുരം വലിയമലയിൽ ISRO ലിക്വിഡ് പ്രൊപൽഷൻ സിസ്റ്റംസ് സെൻററിൻറെ സമീപ പ്രദേശത്തുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ ആശങ്കകൾ പരിഹരിച്ച് മുന്നോട്ടുപോകണമെന്ന് മന്ത്രി ജി ആർ അനിൽ.

ഇടമല ഭാഗത്തായി 25 വീടുകൾ ഉൾപ്പെടുന്ന മൂന്ന് ഏക്കർ സ്ഥലം വിട്ടുനൽകാൻ ഉടമസ്ഥർ തയ്യാറായ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. മൂന്ന് മാസത്തിനുള്ളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കേന്ദ്ര അനുമതി ലഭിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് അദ്ദേഹം ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

*******************

**<u>പാർട്ടി കോൺഗ്രസ്</u>**

സിപിഐഎമ്മിന്റെ ഇരുപത്തി നാലാം പാർട്ടി കോൺഗ്രസിന് നാളെ മധുരയിൽ തുടക്കം. പൊളിറ്റ് ബ്യൂറോ കോ-ഓർഡിനേറ്റർ പ്രകാശ് കാരാട്ട് പാർട്ടി കോൺഗ്രസ് ഉദ്ഘാടനം ചെയ്യും. 80 നിരീക്ഷകരടക്കം 811 പ്രതിനിധികൾ പാർട്ടി കോൺഗ്രസിൽ പങ്കെടുക്കും. ഈ മാസം ആറിന് സമ്മേളനം സമാപിക്കും.

*******************

*************

********

RNU TVPM